പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3543 24/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ

ചോദ്യം മറുപടി

ശ്രീ. കെ.രാധാകൃഷ്ണൻ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വീടുകൾ വിവിധ പദ്ധതികളിലായി നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ ജനറൽ ഹൗസിംഗ് (പ്ലാൻ), അടിയ-പണിയ പാക്കേജ്, കോർപ്പസ് ഫണ്ട് , 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം ലഭിച്ച തുക ഉപയോഗിച്ച് പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കുള്ള പ്രത്യേക പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 4347 വീടുകളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 488 വീടുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ 5 പട്ടികവർഗ്ഗ കോളനികൾ മോഡൽ കോളനികൾ ആക്കുന്നതിന്റെ ഭാഗമായി 125 വീടുകൾ നിർമ്മിക്കുന്നതിനായും, അട്ടപ്പാടി നിലിക്കുഴി ഊരിൽ 26 വീടുകൾ നിർമ്മിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച 4986 വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വീടുകൾ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെട്ടതാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 325 സ്ക്വയർ ഫീറ്റിൽ കുറയാത്തതും, അടുക്കളയും, രണ്ട് മുറികളോടുകൂടിയ വാർത്തതും, 3 പോയിന്റിൽ കുറയാത്ത വയറിംഗ് നടത്തിയിട്ടുള്ളതും ടോയ്ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള വീടുകളാണ് നിർമ്മിക്കുന്നത്. വീടുകൾ വാസയോഗ്യമായി പൂർത്തീകരിച്ചു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ/ഐ.ടി.ഡി.പി പ്രോജക്ടാഫീസർ / ട്രൈബൽ ഡവലപ്മെന്റ് |

| | | | |
|---|---|---|---|
| | | | ആഫീസർമാർ എന്നിവരുടെ പൂർത്തീകരണ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണത്തിന്റെ അവസാന ഗഡു അനുവദിച്ചു നൽകുന്നത്. |
| (സി)<br><br><br><br>(ഡി) | പട്ടികവർഗ്ഗ വിഭാഗക്കാർ ഇപ്പോൾ താമസിച്ചുവരുന്ന വീടുകൾ പലതും വാസയോഗ്യമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>എങ്കിൽ പ്രസ്തുത വീടുകളെ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ; | (സി & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവ്വേ പ്രകാരം 44540 വീടുകൾ വാസയോഗ്യമല്ലാത്തതും, 30894 വീടുകൾ ഭാഗികമായി മാത്രം വാസയോഗ്യമായ താണെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പ്രസ്തുത ജനവിഭാഗത്തിന് സൗകര്യപ്രദമായി വീടുകൾ പുനർനിർമ്മിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ? | | നൽകിയിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഒരു വീടിന് തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനായി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പട്ടികവർഗ വികസന വകുപ്പ് മുഖേന അനുവദിച്ചു നൽകിയ വീടുകൾ.

| ക്രമ നം. | ജില്ല | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 145 |
| 2 | കൊല്ലം & ആലപ്പുഴ | 100 |
| 3 | പത്തനംതിട്ട | 111 |
| 4 | കോട്ടയം | 123 |
| 5 | ഇടുക്കി | 256 |
| 6 | എറണാകുളം | 82 |
| 7 | തൃശൂർ | 187 |
| 8 | മലപ്പുറം | 269 |
| 9 | കോഴിക്കോട് | 95 |
| 10 | പാലക്കാട് | 416 |
| 11 | വയനാട് | 2260 |
| 12 | കണ്ണൂർ | 93 |
| 13 | കാസറഗോഡ് | 361 |
| | **ആകെ** | **4498** |

**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന അനുവദിച്ചു നൽകിയ വീടുകൾ.**

| ക്രമ നം. | ജില്ല | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | കൊല്ലം | 18 |
| 2 | പത്തനംതിട്ട | 5 |
| 3 | ഇടുക്കി | 14 |
| 4 | വയനാട് | 153 |
| 5 | കണ്ണൂർ | 298 |
| | ആകെ | 488 |

സെക്ഷൻ ഓഫീസർ